**പാഠം 3** **ജൂലൈ 8–14**

# സുവിശേഷത്തിന്റെ ഐക്യം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ഗലാത്യർ 2:1–14; 1 കൊരി. 1:10–13; ഉല്പ. 17:1–21; യോഹ. 8:31–36; കൊലൊ. 3:11.**

**മനഃപാഠവാക്യം: "നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐക്യമത്യപ്പെട്ട് ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ" (ഫിലി. 2:2).**

പ്രൊട്ടസ്റ്റന്റ് നവോത്ഥകനായ ജോൺ കാൽവിൻ വിശ്വസിച്ചത് സഭയ്ക്കെതിരെയുള്ള സാത്താന്റെ പ്രധാന ഉപാധി അനൈക്യവും വേർതിരിവുമാണെന്നാണ്. ഈ വേർതിരിവിനെ സാംക്രമികരോഗമായ പ്ലേഗ് പോലെ ക്രിസ്ത്യാനികൾ ഒഴിവാക്കണമെന്ന് അദ്ദേഹം താക്കീത് ചെയ്തു.

എന്നാൽ സത്യത്തെ ബലികഴിച്ചുകൊണ്ട് ഐക്യം നിലനിർത്തേണ്ടതുണ്ടോ? പ്രൊട്ടസ്റ്റന്റ് നവോത്ഥാനത്തിന്റെ പിതാവായ മാർട്ടിൻ ലൂഥർ, ഐക്യത്തിന്റെ പേരിൽ വിശ്വാസത്താൽ മാത്രം രക്ഷ എന്ന തന്റെ കാഴ്ചപ്പാട് ഡയറ്റ് ഓഫ് വേംസിൽ അവനെ വിചാരണയ്ക്കു കൊണ്ടുവന്നപ്പോൾ മാറ്റിപ്പറഞ്ഞിരുന്നുവെങ്കിൽ എന്ന് ഭാവന ചെയ്യുക.

"നവോത്ഥകൻ ഒരു കാര്യത്തിലെങ്കിലും വഴങ്ങിയിരുന്നുവെങ്കിൽ സാത്താനും അവന്റെ ആതിഥേയരും വിജയം നേടിയേനെ. എന്നാലവന്റെ അചഞ്ചലമായ ഉറപ്പാണ് സഭയെ മോചിപ്പിക്കുവാൻ കാരണമായതും ഒരു പുതിയ കാലഘട്ടത്തിനു തുടക്കം കുറിച്ചതും." EGW, വൻപോരാട്ടം, p.166.

അതിനെ നശിപ്പിക്കുവാനുള്ള ചില വിശ്വാസികളുടെ ശ്രമത്തിനിടയിലും അപ്പൊസ്തലിക വലയത്തിന്റെ ഐക്യം നിലനിർത്തുവാൻ അവന്റെ കഴിവിന്റെ പരമാവധി അപ്പൊസ്തലൻ ശ്രമിക്കുന്നത് നമുക്ക് ഗലാത്യർ 2:1–14ൽ കാണാം. ഐക്യം പൗലൊസിനു പ്രധാനമായിരുന്നുവെങ്കിലും, അത് നേടിയെടുക്കുവാൻ സുവിശേഷത്തിന്റെ സത്യം ബലികഴിക്കുന്നത് അനുവദിക്കുവാൻ അവൻ വിസമ്മതിച്ചു. ഏകത്വത്തിൽ അനേകത്വത്തിനു ഇടമുണ്ടെങ്കിലും, ആ പ്രക്രിയയിൽ സുവിശേഷം അനുരഞ്ജനപ്പെടരുത്.

* ജൂലൈ 15 ലെ ശബ്ബത്തിനുവേണ്ടി ഒരുങ്ങാൻ ഈ ആഴ്ചയിലെ പാഠം പഠിക്കുക.

**ഞായർ** **ജൂലൈ 9**

**ഐക്യത്തിന്റെ പ്രാധാന്യം**

**1 കൊരിന്ത്യർ 1:10–13 വായിക്കുക. സഭയിലുള്ള ഐക്യം എത്ര പ്രാധാനമാണെന്നതിനെക്കുറിച്ച് പൗലൊസ് എന്തു കരുതി എന്നതിനെക്കുറിച്ച് ഈ പാഠഭാഗം നമ്മോട് എന്തു പറയുന്നു?**

അവന്റെ സുവിശേഷം ദൈവം നൽകിയതല്ല എന്ന ആരോപണം നിരാകരിച്ച ശേഷം, ഗലാത്യർ 2:1,2ൽ അവനെതിരെയുണ്ടായ മറ്റൊരു ആരോപണത്തിലേക്ക് പൗലൊസ് തന്റെ ശ്രദ്ധ തിരിക്കുന്നു. പത്രൊസും മറ്റു അപ്പൊസ്തലന്മാരും പഠിപ്പിച്ച സുവിശേഷവുമായി ഒത്തുപോകുന്നതല്ല പൗലൊസിന്റെ സുവിശേഷമെന്ന് ഗലാത്യയിലെ വ്യാജ ഉപദേശകന്മാർ അവകാശപ്പെട്ടു. പൗലൊസ് ഒരു വിശ്വാസവഞ്ചകനാണെന്നാണ് അവർ പറഞ്ഞത്.

ഈ ആരോപണത്തിനു മറുപടിയായി, അവന്റെ മാനസാന്തരത്തിനു 14 വർഷം മുൻപ് അവൻ യെരൂശലേമിലേക്ക് നടത്തിയ ഒരു യാത്ര അവൻ വിവരിക്കുന്നു: ആ യാത്ര എപ്പോഴാണ് നടന്നതെന്ന് നമുക്കു ശരിയായ ഉറപ്പില്ലെങ്കിലും, പുരാതന കാലത്തുള്ള ഒരു യാത്രയും അത്ര എളുപ്പമായിരുന്നില്ല. അവൻ അന്ത്യൊക്ക്യയിൽ നിന്ന് യെരൂശലേമിലേക്ക് കരമാർഗ്ഗം പോയെങ്കിൽ, ആ 300 മൈൽ യാത്ര ഏറ്റവും കുറഞ്ഞത് മൂന്നാഴ്ച എടുക്കുകയും എല്ലാത്തരം അപകടങ്ങളും കഷ്ടപ്പാടുകളും ഉൾപ്പെട്ടതുമായിരിക്കും. അപ്രകാരമുള്ള ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുകൂടി പൗലൊസ് ആ യാത്ര ഏറ്റെടുത്തു. അപ്പൊസ്തലന്മാർ അവനെ വിളിച്ചതുകൊണ്ടല്ല മറിച്ച് ആത്മാവ് വിളിച്ചതുകൊണ്ട്. അങ്ങനെ അവിടെ ആയിരുന്നപ്പോൾ, അവൻ അവന്റെ സുവിശേഷം അപ്പൊസ്തലന്മാരുടെ മുൻപിൽ വച്ചു.

അവൻ എന്തിനാണത് ചെയ്തത്? നിശ്ചയമായും അവൻ പഠിപ്പിച്ചതിനെക്കുറിച്ച് അവന് സംശയമുണ്ടായിട്ടല്ല. അവന് അവരിൽനിന്നും യാതൊരുവിധത്തിലുള്ള ഉറപ്പ് ആവശ്യമായിരുന്നില്ല. എന്തൊക്കെയായാലും അതേ സുവിശേഷം അവൻ 14 വർഷമായി പ്രഖ്യാപിക്കുകയായിരുന്നല്ലോ. അവന് അവരുടെ അനുവാദമോ അംഗീകാരമോ വേണ്ടിയിരുന്നില്ല എങ്കിലും, അവൻ മറ്റു അപ്പൊസ്തലന്മാരുടെ സഹായവും പ്രോത്സാഹനവും അങ്ങേയറ്റം വിലമതിച്ചു.

അങ്ങനെ നോക്കുമ്പോൾ, അവന്റെ ദൂത് വ്യത്യസ്തമായിരുന്നു എന്ന ആരോപണം പൗലൊസിനു മേലുള്ള ഒരാക്രമണം മാത്രമായിരുന്നില്ല പിന്നെയോ അപ്പൊസ്തലന്മാരുടെ ഐക്യത്തിനുമേലും സഭയ്ക്കെതിരായുള്ള ഒരു ആക്രമണമായിരുന്നു. അപ്പൊസ്തലിക ഐക്യം നിലനിർത്തുകയെന്നത് സുപ്രധാനമായിരുന്നു. കാരണം, പൗലൊസിന്റെ ജാതീയ ദൗത്യവും യെരൂശലേമിലെ സഭയും തമ്മിലുള്ള ഒരു വിഭജന ത്തിന് നാശകരമായ പരിണിതഫലങ്ങൾ ഉണ്ടാകുമായിരുന്നു. ജാതികളും യെഹൂദാ ക്രിസ്ത്യാനികളും തമ്മിൽ കൂട്ടായ്മയില്ലെങ്കിൽപ്പിന്നെ "ക്രിസ്തു വിഭജിക്കപ്പെടുകയും ജാതീയലോകത്തെ സുവിശേഷീകരണത്തിനായി പൗലൊസ് അർപ്പിച്ച സകല ഊർജ്ജവും, അർപ്പിക്കാനുദ്ദേശിച്ചതും നിരാശയിലായേനെ." F.F.Bruce, The Epistle to the Galations . (Grand Rapids Mich: William B. Eerdmans Publishing company, 1982) p. 111.

**ഇന്ന് സഭയുടെ ഐക്യത്തെ ഭീഷണിപ്പെടുത്തുന്ന ചില വിഷയങ്ങൾ എന്തൊക്കെയാണ്? കൂടുതൽ പ്രധാനമായി, നാം അവയെ കണ്ടെത്തിയശേഷം അവയെ എങ്ങനെ കൈകാര്യം ചെയ്യുന്നു? ഐക്യത്തെക്കാൾ കൂടുതൽ പ്രധാനമായ കാര്യങ്ങൾ എന്തൊക്കെയാണ്?**

**വ്യാജസഹോദരന്മാരും അഗ്രചർമ്മവും**

**ചില യെഹൂദാക്രിസ്ത്യാനികളും പൗലൊസും തമ്മിലുള്ള തർക്കത്തിൽ എന്തുകൊണ്ടാണ് അഗ്രചർമ്മം ഒരു പ്രധാന കാര്യമായത്? ഉല്പ. 17:1–22; ഗലാ. 2:3–5; 5:2,6; അ.പ്ര. 15:1,5 എന്നിവ കാണുക. ജാതികൾ പോലും അഗ്രചർമ്മത്തിനു വിധേയരാകണം എന്നു ചിലർ വിശ്വസിക്കുവാനുള്ള കാരണം മനസ്സിലാക്കാൻ എന്തുകൊണ്ട് ബുദ്ധിമുട്ടില്ല?**

യെഹൂദാജാതിയുടെ പിതാവായ അബ്രഹാമുമായി ദൈവം സ്ഥാപിച്ച ഉടമ്പടിയുടെ അടയാളമായിരുന്നു അഗ്രചർമ്മം. അഗ്രചർമ്മം അബ്രഹാമിന്റെ പുരുഷ പിൻഗാമികൾക്ക് മാത്രമായിരുന്നെങ്കിലും, ദൈവവുമായുള്ള ഉടമ്പടിയിലേക്ക് ഏവരും ക്ഷണിക്കപ്പെട്ടു. അഗ്രചർമ്മത്തിന്റെ അടയാളം ഉല്പത്തി 17 ലാണ് അബ്രഹാമിനു നൽകപ്പെട്ടത്. ഇതു സംഭവിച്ചത് ദൈവം അവന് വാഗ്ദത്തം ചെയ്ത പുത്രനുവേണ്ടി അവന്റെ ഭാര്യയുടെ മിസ്രയിം അടിമയിൽ ഒരു പുത്രനെ ജനിപ്പിക്കാനുള്ള വിനാശകരമായ ശ്രമത്തിനുശേഷമാണ്. ദൈവം അബ്രഹാമിന് ഒരു മകനെ നല്കുമെന്ന വാഗ്ദത്തം പൂർത്തീകരിക്കുവാൻ!

ഉടമ്പടിയുടെ ഒരു അനുയോജ്യമായ അടയാളമായിരുന്നു അഗ്രചർമ്മം. ദൈവം വാഗ്ദത്തം ചെയ്തത് നേടിയെടുക്കാൻ മനുഷ്യന്റെ ഏറ്റവും ആസൂത്രിതമായ പദ്ധതികൾക്ക് പോലും സാദ്ധ്യമല്ല എന്നതിന്റെ നല്ല ഒരു ഓർമ്മപ്പെടുത്തലായിരുന്നു അത്. ബാഹ്യമായ അഗ്രചർമ്മം ഹൃദയപരിഛേദനയുടെ ഒരു അടയാളമായിരിക്കണമായിരുന്നു (ആവ. 10:16; 30:6; യിരെ. 4:4; റോമ. 2:29). അത് പ്രതിനിധാനം ചെയ്യുന്നത് നമുക്ക് നമ്മിൽ തന്നെയുള്ള ആത്മവിശ്വാസം ഉരിഞ്ഞുകളയുന്നതും പകരമായി ദൈവത്തിലുള്ള വിശ്വസ്തമായ ആശ്രയവുമാണ്. എന്നിരുന്നാലും, പൗലൊസിന്റെ സമയത്ത്, അഗ്രചർമ്മം ദേശീയവും മതപരവുമായ വ്യക്തിത്വത്തിന്റെ വിലമതിക്കാനാവാത്ത ഒരു അടയാളമായി മാറിയിരിക്കുന്നു. പ്രാരംഭത്തിൽ അത് എന്തായിരിക്കണമെന്ന് ഉദ്യേശിച്ചുവോ അതല്ല, യേശുവിന്റെ ജനനത്തിനു 150 വർഷം മുൻപ്, ചില അതിതീഷ്ണതയുള്ള ദേശഭക്തർ ചുറ്റുവട്ടത്തുള്ള അഗ്രചർമ്മം ഏൽക്കാത്ത സകല യെഹൂദരെയും ബലമായി അഗ്രചർമം ചെയ്യിച്ചുവെന്ന് മാത്രമല്ല, അവരുടെ അധികാരാതിർത്തിയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന സകല പുരുഷന്മാരും അങ്ങനെ ചെയ്യണമെന്ന് നിഷ്കർഷിച്ചു. അഗ്രചർമ്മം രക്ഷയിലേക്കുള്ള ഒരു പാസ്പോർട്ടാണെന്നുകൂടി ചിലർ വിശ്വസിച്ചു. ഇത് പുരാതനമായ ലഘു കവിതകളിൽ രഹസ്യസ്വഭാവത്തോടെ ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നതു കാണാം. "അഗ്രചർമ്മികളായ പുരുഷന്മാർ ഒരിക്കലും ഗഹന്നയിലേക്ക് (നരകം) ഇറങ്ങുന്നില്ല" C.E.B. Cranfild A Critical and Exegetical commentary on the Epistle to the Romans (Edinburg: T&T clark Ltd, 1975) p. 172

പൗലൊസ് അഗ്രചർമ്മത്തിനു തന്നെ എതിരായിരുന്നുവെന്ന് കണക്കാക്കുന്നത് തെറ്റായിരിക്കും. പൗലൊസ് എതിർത്തത് ജാതികൾ അഗ്രചർമ്മത്തിനു വിധേയരാകണം എന്ന നിർബന്ധത്തെയാണ്. വ്യാജഉപദേശകർ ഇങ്ങനെ പറഞ്ഞു:

"മോശെയുടെ ആചാരമനുസരിച്ച് അഗ്രചർമ്മം ചെയ്യുന്നതുവരെ നിങ്ങൾ രക്ഷപ്പെടുകയില്ല" (അ.പ്ര. 15:1). അപ്പോൾ വിഷയം യഥാർത്ഥത്തിൽ അഗ്രചർമ്മത്തെക്കുറിച്ചല്ല രക്ഷയെക്കുറിച്ചാണ്. രക്ഷയെന്നത് ഒന്നുകിൽ ക്രിസ്തുവിലുള്ള വിശ്വാസംമൂലവും അല്ലെങ്കിൽ മനുഷ്യ അനുസരണത്താൽ നേടിയെടുക്കുന്നു.

**ഒരുപക്ഷേ ഇന്ന് അഗ്രചർമ്മമായിരിക്കില്ല വിഷയം. എന്നാൽ ഇന്ന് ഒരു സഭയെന്ന നിലയിൽ ഇതിനു സമാന്തരമായുള്ള എന്ത് പ്രശ്നത്താലാണ് (എന്തെങ്കിലും ഉണ്ടെങ്കിൽ) നാം വലയുന്നത്?**

**ചൊവ്വ** **ജൂലൈ 11**

**നാനാത്വത്തിൽ ഏകത്വം**

**ഗലാത്യർ 2:1–10 വായിക്കുക. പൗലൊസ് പറയുന്നത് കള്ളസഹോദരന്മാർ "നമ്മെ അടിമപ്പെടുത്തേണ്ടതിനു ക്രിസ്തുയേശുവിൽ നമുക്കുള്ള സ്വാതന്ത്ര്യം, ഒറ്റുനോക്കുവാൻ നുഴഞ്ഞുവന്നിരുന്നു" (ഗലാത്യർ 2:4). ക്രിസ്ത്യാനികൾ എന്തിൽനിന്നാണ് സ്വതന്ത്രർ? യോഹ. 8:31–36; റോമ. 6:6,7; 8:2,3; ഗലാ. 3:23–25; 4:7,8; എബ്രാ. 2:14,15 എന്നിവ വായിക്കുക. ഈ സ്വാതന്ത്ര്യത്തിന്റെ യാഥാർത്ഥ്യം നാം നമുക്കായിത്തന്നെ എങ്ങനെ അനുഭവിക്കുന്നു?**

ക്രിസ്തീയ അനുഭവത്തിന്റെ ഒരു വിവരണമെന്ന നിലയിൽ സ്വാതന്ത്ര്യം, പൗലൊസിന് ഒരു പ്രധാനപ്പെട്ട ആശയമാണ്. പുതിയനിയമത്തിലെ മറ്റേതൊരു എഴുത്തുകാരെക്കാളും പൗലൊസ് ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ഗലാത്യ പുസ്തകത്തിലാകട്ടെ സ്വാതന്ത്ര്യം, സ്വതന്ത്രമായ് എന്നീ വാക്കുകളും നിരവധി തവണ ഉപയോഗിച്ചിട്ടുണ്ട്. എന്നിരുന്നാലും ക്രിസ്ത്യാനിക്ക് സ്വാതന്ത്ര്യം എന്നത് ക്രിസ്തുവിലുള്ള സ്വാതന്ത്ര്യമാണ്. ദൈവത്തോടുള്ള തടസ്സമില്ലാത്ത ശക്തിയിൽ ഒരു ജീവിതം നയിക്കാനുള്ള അവസരമാണ് അത്. നമ്മുടെ പാപപ്രകൃതത്തിന്റെ ആഗ്രഹങ്ങൾക്ക് അടിമയാകാതെ സ്വതന്ത്രമായിരിക്കുക എന്നതാണ് അതിൽ ഉൾപ്പെട്ടിരിക്കുന്നത്. (റോമ. 6). ന്യായപ്രമാണത്തിന്റെ കുറ്റം വിധിക്കലിൽ നിന്നുള്ള സ്വാതന്ത്ര്യം (റോമ. 8:1,2). ഇതിനുപുറമെ മരണത്തിന്റെ ശക്തിയിൽ നിന്നുള്ള സ്വാതന്ത്ര്യവും (1 കൊരി. 15:55).

**അഗ്രചർമ്മം ചെയ്തവർക്കുള്ള സുവിശേഷം പത്രൊസിനെ ഭരമേല്പിച്ചതുപോലെ, അഗ്രചർമ്മം ഏൽക്കാത്തവർക്കുള്ള സുവിശേഷം പൗലൊസിനെ ഭരമേൽപ്പിച്ചിരുന്നുവെന്ന് അപ്പൊസ്തലന്മാർ തിരിച്ചറിഞ്ഞു" (ഗലാ. 2:7). സഭയ്ക്കുള്ളിലെ നാനാത്വത്തിന്റെയും ഏകത്വത്തിന്റെയും പ്രകൃതത്തെക്കുറിച്ച് ഇതെന്ത് നിർദ്ദേശിക്കുന്നു?**

യെഹൂദന്മാരോട് പ്രസംഗിക്കുവാൻ പത്രൊസിനെ വിളിച്ചതുപോലെ, ജാതികളോട് സുവിശേഷം പ്രസംഗിക്കുവാൻ പൗലൊസിനെ ദൈവം വിളിച്ചതാണെന്ന് അപ്പൊസ്തലന്മാർ അംഗീകരിച്ചു. രണ്ടിടത്തും സുവിശേഷം ഒന്നുതന്നെയായിരുന്നു. എന്നാലത് അവതരിപ്പിക്കപ്പെട്ട രീതി അപ്പൊസ്തലന്മാർ എത്തിച്ചേരുവാനാഗ്രഹിച്ച ജനങ്ങളെ ആശ്രയിച്ചിരുന്നു. ഈ വാക്യത്തിൽ അന്തർലീനമായിരിക്കുന്നത്: "ഒരേ

ശൈലി വ്യത്യസ്തമായി കേൾക്കപ്പെടുകയും വ്യത്യസ്ത സാമൂഹ്യവും സാംസ്കാരികവുമായ പശ്ചാത്തലങ്ങളിൽ വ്യത്യസ്തമായ ശക്തിയുണ്ടാകുകയും ചെയ്യുമെന്ന തിരിച്ചറിവാണ്... ക്രിസ്തീയ ഐക്യത്തിന്റെ അടിത്തറ എന്നുപറയു ന്നത് കൃത്യമായും ഈ ഏകത്വമാണ്, അനേകത്വത്തിൽ ഏകത്വം എന്നപോലെ കൃത്യം." James D.G. Dunn, The Epistle to the Galations (Peabody, Mass: Hendricksom publishers, in, 1993, ) p. 106.

**നമ്മുടെ സുഖകരമായ മേഖലയിൽനിന്നും നമ്മെ എടുത്തുമാറ്റുന്ന സാക്ഷീകരണ സുവിശേഷീകരണ രീതികളോട് നാം എത്ര തുറന്ന മനസ്സുള്ളവരായിരിക്കണം? നിങ്ങളെ അലട്ടുന്ന ഏതെങ്കിലും തരത്തിലുള്ള സുവിശേഷീകരണ രീതിയുണ്ടോ? ഉണ്ടെങ്കിൽ, അവ എന്താണ്, അവ എന്തുകൊണ്ട് നിങ്ങളെ അലട്ടുന്നു? നിങ്ങൾ ഈ കാര്യങ്ങളോട് കൂടുതൽ തുറന്ന മനസ്സുള്ളവരായിരിക്കേണ്ടതുണ്ടോ?**

**ബുധൻ** **ജൂലൈ 12**

**അന്ത്യോകൃയിൽ ഏറ്റുമുട്ടൽ (ഗലാ. 2:11-13).**

യെരൂശലേമിൽ പൗലൊസിന്റെ ആലോചനായോഗത്തിനുശേഷം ആദ്യ ജാതീയസഭയുടെ സ്ഥലവും, അ.പ്രവൃത്തികളിൽ വർണ്ണിച്ചിരിക്കുന്ന പൗലൊസിന്റെ സുവിശേഷ പ്രവർത്തനങ്ങളുടെ ആസ്ഥാനവുമായ സിറയയിലെ അന്ത്യോകൃയിലേക്ക് പത്രൊസ് ഒരു സന്ദർശനം നടത്തി. അവടെയായിരുന്നപ്പോൾ, പത്രൊസ് സ്വതന്ത്രമായി ജാതീയ ക്രിസ്ത്യാനികളോടൊത്ത് ഭക്ഷണം കഴിച്ചു, എന്നാൽ യാക്കോബിൽ നിന്നും ഒരുപറ്റം യെഹൂദാക്രിസ്ത്യാനികൾ എത്തിയപ്പോൾ, അവർ എന്തു വിചാരിക്കുമെന്ന് ഭയന്നുകൊണ്ട് അവന്റെ സ്വഭാവം പാടെ മാറ്റി.

**പത്രൊസ് കൂടുതൽ നന്നായി പെരുമാറേണ്ടിയിരുന്നത് എന്തുകൊണ്ട്? ഗലാ. 2:11-13; ഉം അ.പ്ര. 10:28; ഉം താരതമ്യം ചെയ്യുക. നമ്മുടെ ജീവിതങ്ങളിൽ പാരമ്പര്യവും സംസ്കാരവും എത്ര ശക്തമായി രൂഢമൂലമായിരിക്കുന്നുവെന്ന് അവന്റെ പ്രവൃത്തി നമ്മോട് എന്തുപറയുന്നു?**

പത്രൊസും അവനോടൊത്തുള്ള മറ്റ് യെഹൂദരും വൃത്തിയുള്ളതും വൃത്തിഹീനവുമായ ആഹാരങ്ങളെക്കുറിച്ചുള്ള പഴയനിയമ പ്രമാണങ്ങൾ പിന്തുടരുന്നത് നിർത്തലാക്കിയെന്ന് ചിലർ തെറ്റായി ധരിച്ചിട്ടുണ്ട്. എന്നാൽ വസ്തുത ഇതല്ല. പത്രൊസും എല്ലാ യെഹൂദാ ക്രിസ്ത്യാനികളും യെഹൂദരുടെ ആഹാരനിയമങ്ങൾ ഉപേക്ഷിച്ചിരുന്നുവെങ്കിൽ, പള്ളിയിൽ ഒരു വലിയ സംഘർഷമുണ്ടായേനെ. അങ്ങനെയെങ്കിൽ, നിശ്ചയമായും അതേക്കുറിച്ചു ഒരു രേഖയുണ്ടാകുമായിരുന്നു. എന്നാൽ അങ്ങനെയൊന്നില്ല. ആ വിഷയം ജാതികളുമായുള്ള തീൻമേശ കൂട്ടായ്മയാകാനാണ് കൂടുതൽ സാദ്ധ്യത. കാരണം അനേകം യെഹൂദന്മാർ ജാതികളെ വൃത്തിഹീനരായി കണ്ടു, അതിനാൽ കഴിയാവുന്നിടത്തോളം ജാതികളുമായി സാമൂഹ്യബന്ധം ഒഴിവാക്കുന്നത് ചിലരുടെയിടയിൽ ഒരു ശീലമായിരുന്നു.

പത്രൊസ് ഈ വിഷയവുമായി സ്വയം പോരാടിയിരുന്നു. ദൈവത്തിൽ നിന്നുള്ള ഒരു ദർശനമാണ് അത് വ്യക്തമായി കാണുവാൻ അവനെ സഹായിച്ചത്. റോമാ

ശതാധിപനായിരുന്ന കൊർന്നല്ല്യോസിന്റെ വീട്ടിൽ പ്രവേശിച്ചശേഷം പത്രൊസ് പറഞ്ഞു: അന്യജാതിക്കാരന്റെ അടുക്കൽ ചെല്ലുന്നതും അവനുമായി പെരുമാറ്റം ചെയ്യുന്നതും യെഹൂദനു നിഷിദ്ധം എന്നു നിങ്ങൾ അറിയുന്നുവല്ലോ, എങ്കിലും ഒരു മനുഷ്യനെയും മലിനനോ, അശുദ്ധനോ എന്ന് പറയരുതെന്നു ദൈവം എനിക്കു കാണിച്ചുതന്നിരിക്കുന്നു (അ.പ്ര. 10:28). അവനു കാര്യങ്ങൾ നന്നായി അറിയാമായിരുന്നെങ്കിലും, അവന് അവന്റെ സ്വന്തം ദേശക്കാരെ മുഷിപ്പിക്കുന്നത് ഭയമായിരുന്നതിനാൽ അവൻ തന്റെ പഴയ വഴികളിലേക്ക് തിരികെപ്പോയി. അത് വ്യക്തമായും കാണിക്കുന്നത് പത്രൊസിന്റെ ജീവിതത്തിൽ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും സ്വാധീനം എത്ര ശക്തമായിരുന്നുവെന്നാണ്.

എന്നിരുന്നാലും പൗലൊസ് പത്രൊസിന്റെ പ്രവൃത്തികളെ കൃത്യമായി അതെന്താണെന്ന് വിളിച്ചു: ഗലാത്യർ 2:13ൽ അവൻ ഉപയോഗിച്ച ഗ്രീക്ക് പദം 'കപടം' എന്നാണ്. ബർന്നബാസുപോലും അവരുടെ കപടത്താൽ പിൻവാങ്ങി എന്നവൻ പറയുന്നു: ഒരു ദൈവപുരുഷനിൽനിന്ന് മറ്റൊരുവനിലേക്കുള്ള ശക്തമായ വാക്കുകൾ.

**ഒരു കപടശക്തിക്കാരനായിരിക്കാൻ എന്തുകൊണ്ടാണ് വളരെ എളുപ്പമായിരിക്കുന്നത്? (അതിന് ഒരുപക്ഷേ കാരണം നമ്മുടെ തെറ്റുകൾ നാം കാണാതിരിക്കുകയും മറ്റുള്ളവരുടെ തെറ്റുകൾക്കായി ആകാംക്ഷയോടെ നോക്കുകയും ചെയ്യുന്നതുകൊണ്ടല്ലേ?) നിങ്ങളുടെ സ്വന്തം ജീവിതത്തിൽ നിങ്ങൾ എപ്രകാരമുള്ള കപടശക്തിയാണ് കാണുന്നത്? കൂടുതൽ പ്രധാനമായി, നിങ്ങൾക്ക് അതെങ്ങനെ തിരിച്ചറിയാനും വേരോടെ പിഴുതുമാറ്റാനും കഴിയും?**

**വ്യാഴം** **ജൂലൈ 13**

### പൗലൊസിന്റെ ഉൽക്കണ്ഠ (ഗലാ. 2:14)

അന്ത്യൊക്യയിലുള്ള സാഹചര്യം തികച്ചും സംഘർഷഭരിതമായിരുന്നു? സഭയിലെ രണ്ട് നേതാക്കന്മാരായ പത്രൊസും പൗലൊസും തുറന്ന പോരാട്ടത്തിലായിരുന്നു. പത്രൊസിനെ വിളിച്ച് അവന്റെ പെരുമാറ്റത്തിനു മറുപടി പറയണമെന്ന് പൗലൊസ് പറയുമ്പോൾ അവനൊന്നും ബാക്കിവയ്ക്കുന്നില്ല. പത്രൊസുമായി പരസ്യമായി ഏറ്റുമുട്ടുന്നതിന് എന്ത് കാരണങ്ങളാണ് പൗലൊസ് നൽകുന്നത്? ഗലാ. 2:11–14. പൗലൊസിന്റെ കാഴ്ചപ്പാടിൽ, യെരൂശലേമിൽനിന്നുള്ള സന്ദർശകരോടൊത്ത് പത്രൊസ് ഭക്ഷിക്കാൻ തീരുമാനിച്ചു എന്നതായിരുന്നില്ല പ്രശ്നം. ആതിഥ്യമര്യാദയെക്കുറിച്ചുള്ള പ്രാചീന പാരമ്പര്യം നിശ്ചയമായും അത് ആവശ്യപ്പെട്ടിരിക്കാം.

വിഷയം "സുവിശേഷത്തിന്റെ സത്യമായിരുന്നു" അതായത്, അത് വെറുമൊരു ആഹാരശീലത്തിന്റെയോ, കൂട്ടായ്മയുടെയോ വിഷയമായിരുന്നില്ല. പത്രൊസിന്റെ പ്രവൃത്തികൾ യഥാർത്ഥ അർത്ഥത്തിൽ, സുവിശേഷദൂതിനെ സമ്പൂർണ്ണമായി ആപത്തിനിടയാക്കി.

**ഗലാ. 3:28; കൊലൊ. 3:11 വായിക്കുക. പൗലൊസിന്റെ ശക്തമായ പ്രതികരണത്തെ മനസ്സിലാക്കുവാൻ ഈ വാക്യങ്ങളിലെ സത്യം നമ്മെ എങ്ങനെ സഹായിക്കുന്നു?**

യെരൂശലേമിൽ പത്രൊസും മറ്റ് അപ്പൊസ്തലന്മാരുമായുള്ള കൂടിക്കാഴ്ചയിൽ, ആദ്യം പരിഛേദനയ്ക്ക് വിധേയരാകാതെതന്നെ ക്രിസ്തുവിലുള്ള സകല അനുഗ്രഹങ്ങളും ജാതികൾക്ക് ആസ്വദിക്കാം എന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നിരുന്നു. ഇപ്പോഴുള്ള പത്രൊസിന്റെ പ്രവൃത്തി ആ സമ്മതത്തെ പ്രതിസന്ധിയിലാക്കി. ഒരിക്കൽ യെഹൂദാക്രിസ്ത്യാനികളും ജാതീയ ക്രിസ്ത്യാനികളും പരസ്യമായ കൂട്ടായ്മയിൽ ഒത്തുചേർന്നിരുന്ന ഒരു അന്തരീക്ഷത്തിൽനിന്നും, സഭയിപ്പോൾ വിഭജിക്കപ്പെട്ടു. ഇതാകട്ടെ ഭാവിയിൽ ഒരു വിഭജിക്കപ്പെട്ട സഭയുടെ സാദ്ധ്യതയും കൊണ്ടുവന്നു.

പൗലൊസിന്റെ കാഴ്ചപ്പാടിൽനിന്ന് പത്രൊസിന്റെ പെരുമാറ്റം സൂചിപ്പിച്ചത്, എത്രയായാലും ജാതീയ ക്രിസ്ത്യാനികൾ രണ്ടാംകിട മാത്രമെ ആകൂയെന്നാണ്. പത്രൊസിന്റെ ഈ പ്രവൃത്തി ജാതികളുടെമേൽ പൂർണ്ണകൂട്ടായ്മ അനുഭവപ്പെടാൻ അവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർ അനുരൂപരാകേണ്ടിവരുമെന്നാണ്. അങ്ങനെ പത്രൊസ് പറയുന്നു: "യെഹൂദനായ നീ യെഹൂദമര്യാദ പ്രകാരമല്ല ജാതികളുടെ മര്യാദപ്രകാരം ജീവിക്കുന്നുവെങ്കിൽ നീ ജാതികളെ യെഹൂദമര്യാദ അനുസരിക്കുവാൻ നിർബന്ധിക്കുന്നത് എന്ത്?" (ഗലാ. 2:14).

"യെഹൂദ മര്യാദപ്രകാരം ജീവിക്കുക" എന്ന പദസമുച്ചയം കൂടുതൽ അക്ഷരാർത്ഥത്തിൽ "യെഹൂദവൽകരിക്കുക" എന്ന് തർജ്ജമ ചെയ്യാം. ഈ വാക്ക് "ഒരു യെഹൂദ ജീവിതശൈലി സ്വീകരിക്കുക" എന്നതിന്റെ ആശയപ്രകടനമായിരുന്നു. അത് ഒരു ജൂത പള്ളിയിൽ സംബന്ധിക്കുകയും മറ്റു യെഹൂദ ആചാരങ്ങളിൽ ഭാഗവാക്കാകുകയും ചെയ്യുന്ന ജാതികൾക്കായി ഉപയോഗിച്ചതാണ്. അവൻ കള്ള സഹോദരന്മാർ എന്നു വിളിക്കുന്ന പൗലൊസിന്റെ ഗലാത്യയിലുള്ള എതിരാളികളെ "യെഹൂദവൽക്കരണക്കാർ" എന്ന് മിക്കപ്പോഴും വിളിക്കുന്നതിന് കാരണവും ഇതുതന്നെ.

**പത്രൊസിന്റെ പ്രവൃത്തികൾ പോരാത്തതുപോലെ, ബർന്നബാസും ഈ സ്വഭാവത്തിലകപ്പെട്ടു. അവനും കാര്യങ്ങൾ നന്നായി അറിയണമായിരുന്നു. "സഹോദരസമ്മർദ്ദത്തിന്റെ" എത്ര വ്യക്തമായ ഉദാഹരണം! നമുക്കു ചുറ്റുമുള്ളവരാൽ സ്വാധീനിക്കപ്പെടുന്നതിൽ നിന്ന് നമ്മെ രക്ഷിക്കുവാൻ നമുക്കെങ്ങനെ പഠിക്കാം?**

**വെള്ളി** **ജൂലൈ 14**

**കൂടുതൽ ചിന്ത**

സഭയ്ക്കുള്ളിലെ ഏകത്വത്തിന്റെയും അനേകത്വത്തിന്റെയും വിഷയത്തിൽ കൂടുതലറിയുവാൻ എലൻ. ജി. വൈറ്റിന്റെ Counsels to writers and Editors ൽ Investigation of New Light, pp 45,47; Selected Messages Book 1ൽ An Explanation of Early Statements, p. 75; Gospel Workers ൽ " Tactfulness" pp 117 -119; 1888 Materials, Vol. 3 ൽ Manuseript Release 898; pp 1092, 1093 എന്നിവ വായിക്കുക.

"മനുഷ്യരിൽ ഏറ്റവും നല്ലവർ പോലും സ്വയമായി കാര്യങ്ങൾ ചെയ്യാൻ വിടുകയാണെങ്കിൽ, വലിയ മണ്ടത്തരങ്ങൾ ചെയ്യും. മനുഷ്യനിൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കപ്പെടുമ്പോൾ, ഏകാധിപത്യരീതിയിൽ പ്രവർത്തിക്കാനും

നിയന്ത്രിക്കാനുമുള്ള അവന്റെ നില വലിയതാകും. അവൻ സൂക്ഷ്മതയോടെ കർത്താവിന്റെ പാത പിന്തുടരുന്നില്ല എങ്കിൽ മനസ്സുകളെയും ഹൃദയങ്ങളെയും അപഥ സഞ്ചാരത്തിലേക്ക് നയിക്കാൻ അവൻ കൂടുതൽ ശ്രമങ്ങളുണ്ടാക്കും. അന്ത്യോക്യയിൽ സത്യസന്ധതയുടെ തത്വങ്ങളിൽ പത്രൊസ് പരാജയപ്പെട്ടു. പൗലൊസ് തന്റെ നശിപ്പിക്കുന്ന സ്വാധീനത്തോട് മുഖാമുഖം ചെറുത്തുനിൽക്കണ മായിരുന്നു. മറ്റുള്ളവർക്ക് ഇത് പ്രയോജനപ്പെടുവാനാണ് ഇത് രേഖപ്പെടുത്താതിരി ക്കുന്നത്. ഈ പാഠം ഉന്നതസ്ഥലങ്ങളിലുള്ള മനുഷ്യർക്ക് അവർ സത്യസന്ധത യിൽ പരാജയപ്പെടാതിരിക്കാനും തത്വദീക്ഷയുള്ളവരായിരിക്കാനുമുള്ള ഒരു പാവന മായ താക്കീതാണ് EGW Comments, The SDA Bible Commentary, Vol 6'p.108.

**ചർച്ചാ ചോദ്യങ്ങൾ**

1. വളരെ കുറച്ച് ജനങ്ങളെ ഏറ്റുമുട്ടൽ ആസ്വദിക്കാറുള്ളൂ. എന്നാൽ ചിലനേരങ്ങ ളിൽ അവ ആവശ്യമാണ്. എന്ത് സാഹചര്യത്തിലാണ് ഒരു സഭ തെറ്റിനെ കുറ്റം വിധിക്കുകയും തിരുത്തൽ സ്വീകരിക്കാൻ വിസമ്മതിക്കുന്നവരെ അച്ച ടക്കം പഠിപ്പിക്കേണ്ടതും?

2. ലോകമെങ്ങും സെവന്ത്-ഡേ അഡ്വന്റിസ്റ്റ് സഭ വളരുമ്പോൾ, അത് കൂടുതൽ കൂടുതൽ വ്യത്യസ്തമാർന്നു വരികയാണ്. അപ്രകാരമുള്ള വൈവിദ്ധ്യത്തിനി ടയിൽ ഐക്യം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തു ചുവ ടുകളാണ് സഭയ്ക്ക് എടുക്കാൻ കഴിയുക? ഒരേസമയം ഐക്യം നിലനിർത്തു മ്പോഴും, നമുക്കിടയിലെ പാരമ്പര്യങ്ങളുടെയും സംസ്കാരങ്ങളുടെയും നാനാത്വം ആസ്വദിക്കാനും സ്വീകരിക്കാനും പഠിക്കാൻ നമുക്കെങ്ങനെ കഴിയും?

3. ഒരു വ്യത്യസ്ത സംസ്കാരത്തിൽ സുവിശേഷം പങ്കുവയ്ക്കുമ്പോൾ, മാറ്റപ്പെ ടുവാൻ പാടില്ലാത്ത ആവശ്യമായ ഘടകങ്ങൾ എന്തൊക്കെയാണ്, എന്താണ് മാറ്റപ്പെടാവുന്നത്? എന്താണ് അവശേഷിപ്പിക്കേണ്ടതെന്നും നമുക്കു കഴിയാ വുന്നവ ആവശ്യമെങ്കിൽ തള്ളിക്കളയാവുന്നതും തമ്മിൽ വേർതിരിച്ചറിയുവാൻ നാം എങ്ങനെ പഠിക്കും?

സംഗ്രഹം: ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളായിത്തീരണമെങ്കിൽ ജാതികൾ അഗ്രചർമ്മത്തിന് വിധേയരാകണമെന്നു ചില യെഹൂദക്രിസ്ത്യാനിക ളുടെ നിർബന്ധം ആദിമസഭയുടെ ഐക്യത്തിന് ഒരു ഗൗരവകരമായ ഭീഷണിയു യർത്തി. ഈ വിഷയം സഭയെ രണ്ടായി വിഭജിക്കുന്നതിന് കാരണമാകുന്നതിനു പകരം, അപ്പൊസ്തലന്മാർ അവർക്കിടയിൽ പോരാട്ടങ്ങളുണ്ടായിരുന്നെങ്കിലും, ഒരു മിച്ച് പ്രവർത്തിക്കുകയും സുവിശേഷത്തിന്റെ സത്യത്തോടു വിശ്വസ്തമായും ഐക്യത്തോടും ക്രിസ്തുവിന്റെ ശരീരം ഇരിക്കുന്നുവെന്ന് അവർ ഉറപ്പുവരുത്തുകയും ചെയ്തു.